**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2602** **21-01-2021 - ൽ മറുപടിയ്ക്ക്**

**തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉത്സവനടത്തിപ്പിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി പി. അയിഷാ പോറ്റി** | | **Shri. Kadakampally Surendran (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ഉത്സവ നടത്തിപ്പിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ; | (എ) | മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (ബി) | ഈ വർഷത്തെ ഉത്സവ നടത്തിപ്പിന് ക്ഷേത്ര ഉപദേശക സമിതികൾക്ക് എന്തെല്ലാം ചുമതലകളാണ് നൽകിയിട്ടുള്ളത് എന്ന വിവരം വെളിപ്പെടുത്തുമോ? | (ബി) | കോവിഡ്-19 പശ്ചാത്തലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ഉത്സവ നടത്തിപ്പിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് ഉത്സവം നടത്തേണ്ട ചുമതലകളാണ് ഉപദേശക സമിതികൾക്ക് നൽകിയിട്ടുള്ളത് . |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. ഉത്സവ ചടങ്ങുകൾ ആചാരപരമായ ചടങ്ങുകൾ മാത്രമായി ചുരുക്കേണ്ടതാണ്.
2. നാലമ്പലത്തിനകത്ത് സാമൂഹിക അകലം പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഒരേ സമയം 50 ആളുകളിൽ കൂടുതൽ ഉണ്ടാകുവാനും പാടില്ല.
3. തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ഉത്സവവുമായി ബന്ധപ്പെട്ട് ആചാരപരമായി നടത്തുന്ന ക്ഷേത്ര കലകൾ നടത്തുന്നതിന് വിലക്കുണ്ടാകില്ല. എന്നാൽ കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ സ്റ്റേജ് പരിപാടികൾക്ക് അതാത് പ്രദേശത്തെ പോലീസ് അധികൃതരുടെ കൂടി അനുമതി വാങ്ങേണ്ടതാണ്.
4. ക്ഷേത്ര പരിസരത്ത് യാതൊരു കാരണവശാലും ആൾക്കൂട്ടം ഉണ്ടാകുവാൻ അനുവദിക്കുന്നതല്ല.
5. ക്ഷേത്രക്കുളങ്ങളിൽ കുളിക്കുവാൻ അനുമതി ഉണ്ടായിരിക്കുന്നതല്ല.
6. ഉത്സവങ്ങൾക്ക് സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ എണ്ണം പരമാവധി കുറയ്ക്കേണ്ടതാണ്.
7. എല്ലാ ജീവനക്കാരും മാസ്ക്, കൈയ്യുറ, ഫെയ്സ് ഷീൽഡ് എന്നിവ ധരിച്ചിരിക്കണം.
8. ശ്രീകോവിലിൽ നിന്നും നേരിട്ട് പ്രസാദം നൽകുവാൻ പാടില്ല.
9. ജീവനക്കാർക്കും ഭക്തജനങ്ങൾക്കും കൈകഴുകുവാനുള്ള സൗകര്യം ഒരുക്കേണ്ടതാണ്.
10. എഴുന്നള്ളിപ്പിന് ആനകളുടെ ഉപയോഗം പതിവിലുള്ളതും നിലവിൽ അനുവാദമുള്ളതുമായ ക്ഷേത്രങ്ങളിൽ ഒഴിവാക്കുവാൻ കഴിയാത്തതാണെന്ന് കാണുന്ന പക്ഷം ആനയെ അനുവദിക്കാവുന്നതാണ്. എന്നാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട തന്ത്രിയുടെ അഭിപ്രായം ആരായേണ്ടതും ജില്ലാ ഭരണകൂടത്തിന്റെ അനുമതി ലഭ്യമാക്കേണ്ടതുമാണ്.
11. ഉത്സവങ്ങളുടെ ഭാഗമായി അന്നദാനം നടത്തുവാൻ പാടുള്ളതല്ല.
12. ഉത്സവ ചടങ്ങുകളുടെ ഭാഗമായി പുറത്ത് പറയെടുപ്പ് അനുവദിക്കുന്നതല്ല.